"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. സിഡിഎൻ5/119/2024-പൊഭവ
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-03-2026

<u>സർക്കുലർ</u>

വിഷയം:- പൊതുഭരണ വകുപ്പ് - ആർ.ടി.ഐ. പോർട്ടൽ - ഒന്നാം അപ്പീൽ അപേക്ഷ കൈകാര്യം ചെയ്യുന്നത് - തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(കൈ)നം.94/2023/പൊഭവ തിയതി 19/06/2023
2. സർക്കുലർ നം. സി.ഡി.എൻ.1/18/2023/പൊഭവ തിയതി 19/04/2024.
3. സർക്കുലർ നം. സി.ഡി.എൻ.1/18/2023/പൊഭവ-പാർട്ട്(8) തിയതി 25/09/2024
4. സർക്കുലർ നം. സി.ഡി.എൻ.1/18/2023/പൊഭവ-പാർട്ട്(2) തിയതി 06/12/2024
5. സർക്കുലർ നം. സി.ഡി.എൻ.5/119/2024/പൊഭവ തിയതി 11/12/2024
6. സർക്കുലർ നം. സി.ഡി.എൻ.1/18/2023/പൊഭവ-പാർട്ട്(8) തിയതി 16/01/2025.
7. സർക്കുലർ നം. സി.ഡി.എൻ.5/119/2024/പൊഭവ തിയതി 03/01/2026

പ്രവാസി ലീഗൽ സെൽ ഫയൽ ചെയ്ത WP(C) No.1040/2019ൽ ബഹു. സുപ്രീംകോടതി 20/03/2023-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമം, 2005 പ്രകാരമുള്ള അപേക്ഷകൾക്ക് ഓൺലൈൻ ആയി മറുപടി നൽകുവാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം ആർ.ടി.ഐ.ഓൺലൈൻ പോർട്ടൽ സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി. വിവരാവകാശ നിയമം 2005 പ്രകാരമുള്ള ഒന്നാം അപ്പീൽ അപേക്ഷകൾ ആർ.ടി.ഐ. പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് മുന്നോടിയായി അപ്പീൽ മൊഡ്യൂൾ 18/02/2026 മുതൽ ഉദ്യോഗസ്ഥ തലത്തിൽ Roll out ചെയ്തിട്ടുള്ളതും, അപ്പീൽ അധികാരികളെ ചേർക്കുന്നതിനും മറ്റ് സാങ്കേതിക പ്രശ്നങ്ങളിൽ സംശയനിവാരണത്തിനായും 2 ആഴ്ച സമയം അനുവദിച്ചിരുന്നതും നോഡൽ ഓഫീസർമാർ അപ്പീൽ അധികാരികൾ എന്നിവർക്ക് പരിശീലനം നൽകിയിട്ടുള്ളതുമാണ്. ആർ.ടി.ഐ. ഓൺലൈൻ പോർട്ടൽ മുഖേന ലഭിക്കുന്ന ഒന്നാം അപ്പീലപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സൂചന (7) പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഒന്നാം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം പൊതുജനങ്ങൾക്കായി അനുവദിച്ച സാഹചര്യത്തിൽ ഒന്നാം അപ്പീലപേക്ഷ കൈകാര്യം ചെയ്യുന്ന വകുപ്പതല/സ്ഥാപനതല നോഡൽ ഓഫീസർമാർ, അപ്പീലധികാരികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള തുടർ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. RTI Portal-ന്റെ ചുമതലയുള്ള വകുപ്പതല/സ്ഥാപനതല നോഡൽ ഓഫീസർമാർ അതത് ഓഫീസിന് കീഴിലുള്ള അപ്പീൽ അധികാരികളെ Manage Appellate Authority എന്ന പേജിലെ "Add Appellate Authority Seat" എന്ന ബട്ടൺ ഉപയോഗിച്ച് RTI Portal-ൽ

ഉൾപ്പെടുത്തേണ്ടതാണ്.

2. ഒരു വകുപ്പിലെ/സ്ഥാപനത്തിലെ അപ്പീൽ അധികാരി അതേ വകുപ്പിലെ/സ്ഥാപനത്തിലെ ഉന്നതാധികാരി ആണെങ്കിൽ അതേ വകുപ്പിലെ/സ്ഥാപനത്തിന്റെ മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങൾ/ ഓർഗനൈസേഷനുകൾ Add ചെയ്തിട്ടുള്ള അപ്പീൽ അധികാരികളിൽ നിന്നും Manage Appellate Authority എന്ന പേജിലെ "Add Existing Other Organisation Appellate Athority" എന്ന ബട്ടൺ ഉപയോഗിച്ച് RTI Portal-ൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.
3. ഒരോ വകുപ്പിലെയും/സ്ഥാപനത്തിലെയും RTI പോർട്ടലിന്റെ നോഡൽ ഓഫീസർമാരും/അപ്പീൽ അധികാരികളും/സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർമാരും/ ഓരോ സെക്ഷനിലെ ഉദ്യോഗസ്ഥരും എല്ലാ ദിവസവും RTI പോർട്ടൽ വഴി പുതുതായി അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ എന്നും ലഭിച്ച അപേക്ഷകൾക്ക് സമയ ബന്ധിതമായി മറുപടി നൽകിയിട്ടുണ്ടോ എന്നും ഉറപ്പ വരുത്തേണ്ടതാണ്.
4. ആർ.ടി.ഐ. പോർട്ടൽ വഴി ലഭിക്കുന്ന ഒന്നാം അപ്പീലപേക്ഷകൾ എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടത് എന്ന് വിശദമാക്കുന്ന വീഡിയോ ട്യൂട്ടോറിയലും, യൂസർ മാന്വലും പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപ്പീലപേക്ഷ കൈകാര്യം ചെയ്യുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലറും സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വകുപ്പതല/സ്ഥാപനതല നോഡൽ ഓഫീസർമാരും അപ്പീൽ അധികാരികളും, ബന്ധപ്പെട്ട സെക്ഷനുകളിലെ ഉദ്യോഗസ്ഥരും വീഡിയോ ട്യൂട്ടോറിയൽ നിർബന്ധമായും കാണേണ്ടതും യൂസർ മാന്വലും സർക്കുലറും വായിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.
5. എൻ.ഐ.സി.-യിൽ നിന്നും പരിശീലനം ലഭിച്ച വകുപ്പതല/ഡയറക്ടറേറ്റ് തലത്തിലുള്ള നോഡൽ ഓഫീസർമാർ അവരുടെ വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമെങ്കിൽ പരിശീലനം/മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
6. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥർ സംശയ നിവാരണത്തിനായി അവരവരുടെ ഡയറക്ടറേറ്റിലുള്ള വകുപ്പതല നോഡൽ ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.
7. RTI Portal-ലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി rti.tech-support@kerala.gov.in എന്ന ഇ-മെയിൽ ഐ.ഡി.യിലേയ്ക്ക് മെയിൽ അയയ്ക്കാവുന്നതാണ്. കൂടാതെ സാങ്കേതിക കാര്യങ്ങളിലുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി വകുപ്പതല നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വാട്സ്ആപ്പ് ഗ്രൂപ്പിൽ അപ്പീൽ അധികാരികളെ ചേർക്കണമെങ്കിൽ വകുപ്പതല നോഡൽ ഓഫീസർമാർ പ്രസ്തുത ഗ്രൂപ്പിൽ ആവശ്യപ്പെട്ടാൽ ചേർക്കുന്നതാണ്.
8. എല്ലാ വകുപ്പ് തലവന്മാരും ജില്ലാ കളക്ടർമാരും മറ്റ് സ്ഥാപന മേധാവിമാരും അവരവരുടെ നിയന്ത്രണത്തിലുള്ള ഏറ്റവും താഴെ തട്ടിലുള്ള എല്ലാ ഓഫീസുകളിലും ഉൾപ്പെടെ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.

കെ ബിജു ഐ എ എസ്
സെക്രട്ടറി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ , തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ട്രിബ്യൂണലുകൾക്കും കമ്മീഷനുകൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 18-03-2026 10:34:54
സെക്ഷൻ ഓഫിസർ.

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
പൊതുഭരണ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

DCETVM/262/2026-G1

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം- 695033
ഫോൺ- 04712303107
ഇ-മെയിൽ- dcedirectorate@gmail.com
തീയതി: 07-04-2026

അനൗദ്യോഗിക കുറിപ്പ്

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്- ആർ.ടി.ഐ. പോർട്ടൽ മുഖേന ഒന്നാം അപ്പീൽ അപേക്ഷ കൈകാര്യം ചെയ്യുന്നതിനുള്ള തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച് -

സൂചന: (1) പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 03/01/2026 തീയതിയിലെ സിഡിഎൻ5/119/2024-പൊഭവ നമ്പർ സർക്കുലർ
(2) പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 17/03/2026 തീയതിയിലെ സിഡിഎൻ5/119/2024-പൊഭവ നമ്പർ സർക്കുലർ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമം 2005 പ്രകാരം ആർ.ടി.ഐ. പോർട്ടൽ മുഖേനയുള്ള ഒന്നാം അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട തുടർ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് തുടർനടപടി സ്വീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം - സൂചന പകർപ്പ്

ഡോ.സുനിൽ ജോൺ. ജെ
അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ് :

(1) ഈ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ
(2) സിസ്റ്റം മാനേജർ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)